**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2102 — 18/06/2013 ൽ മറുപടിയ്ക്ക്

# മാലിന്യ നിയന്ത്രണത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യത്തെ മാരകമായി ബാധിച്ചു കൊണ്ടിരിക്കുന്ന കൊതുകുജന്യ രോഗങ്ങളുടെ വ്യാപനം മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സംസ്ഥാനത്ത് വൻകിട ഹോട്ടലുകളും ആശുപത്രികളും നഗരങ്ങളിലെ ഓടകളിലേക്ക് മലിനജലം ഒഴുക്കി വിടുന്നത് തടയുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കാമോ; | (ബി) വൻകിട ഹോട്ടലുകൾ, വൻകിട ആശുപത്രികൾ എന്നിവ പുറത്തേക്കൊഴുക്കുന്ന പാഴ്ജലം നിശ്ചിത വ്യവസ്ഥകൾ പാലിച്ചുള്ളതാണെന്ന് ഉറപ്പാക്കിയ ശേഷം മാത്രമെ അവയ്ക്ക് പ്രവർത്തനാനുമതി നൽകാറുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പരിശോധന നടത്താറുണ്ട്. കൂടാതെ ഇത്തരത്തിൽ പരാതി ലഭിക്കുന്ന അവസരങ്ങളിൽ അന്വേഷണവും തുടർ നടപടികളും സ്വീകരിക്കാറുണ്ട്. അടച്ചുപൂട്ടൽ തുടങ്ങിയ നടപടികൾ എടുക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. അനുമതി വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുണ്ട്. കൂടാതെ ആശുപത്രികളിൽ നിന്നുള്ള ദ്രവമാലിന്യങ്ങൾ മലിനീകരണം ഉണ്ടാക്കാതെ മലിനീകരണ നിയന്ത്രണ ബോർഡ് ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ചകൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് ബോർഡ് ഉറപ്പാക്കണമെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. |

(സി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനത്തിലും ഒരു ഉദ്യോഗസ്ഥന് ആയത് സംബന്ധിച്ച സ്വതന്ത്ര ചുമതല നൽകാമോ?

(സി) അതാത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അധികാരികളെ കൃത്യസമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക ശോഷണം പൊതുജനാരോഗ്യത്തിനും മനുഷ്യജീവനും ഭീഷണിയാകാവുന്ന സാഹചര്യങ്ങളിൽ നടപടികളെടുക്കാൻ നിയമാനുസൃതം ചുമതലപ്പെട്ടവരെ യഥാസമയം അക്കാര്യം അറിയിക്കാനും ഗ്രാമ പഞ്ചായത്ത് തലത്തിൽ ജൈവ വൈവിധ്യ പരിപാലന സമിതി (ബി.എം.സി.) കളെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ